# അമ്മ എന്ന നന്മ



# DIGITAL MAGAZINE

## *AMRITA BOYS HIGH SCHOOL PARAKODE*
## *LITTLE KITES 2K20*



ലോകത്തിനു തന്നെ അമ്മയായ  ശ്രീമാതാഅമൃതാനന്ദമയീദേവി.

ഞങ്ങളുടെ മാർഗ്ഗദീപം

അമ്മയുടെ പാദാരവിന്ദങ്ങളിൽ പ്രണാമങ്ങളോടെ

അമൃതബോയ്സ് ഹൈസ്ക്കൂൾ പറക്കോട് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്



അമ്മ എന്ന നന്മ

| ഉള്ളടക്കം | |
|---|---|
| വിഷയം | പേജ് നമ്പർ |
| പ്രാർത്ഥന | 6 |
| സന്ദേശം | 7 |
| എഡിറ്റോറിയൽ | 8 |
| സമർപ്പണം | 9 |
| ഇവർ സ്കൂളിൻെറ അഭിമാനം | 11 |
| പ്രസിദ്ധരുടെ അമ്മ സ്മരണകൾ | 12 |
| ജീവിതത്തിൽ ലക്ഷ്യബോധത്തിൻെറ പ്രാധാന്യം | 13 |
| ഏകയാണമ്മ | 14 |
| വമ്പന്മാർ വന്ന വഴി | 15 |
| അനന്തത | 17 |
| चुटकुले | 18 |
| സംഗീതത്രിമൂർത്തികൾ | 19 |
| കൃഷിച്ചൊല്ലുകൾ | 20 |
| ലോഹങ്ങൾ ഉണ്ടായ കഥ | 21 |
| എൻെറ അമ്മ | 22 |
| വലയസൂര്യഗ്രഹണം | 24 |
| ഡിസംബറിൻെറ നഷ്ടം | 25 |
| അമ്മക്കിളിയുടെ രോദനം | 26 |

| | |
|---|---|
| കമ്പ്യൂട്ടർ ക്വിസ് | 27 |
| ആഗോളതാപനം | 28 |
| ചിത്രം | 29 |
| രക്തദാനത്തിൻെറ പ്രാധാന്യം | 30 |
| പ്രകൃതിയുടെ വികൃതികൾ | 31 |
| THE SECRET OF SUCCESS | 32 |
| നമ്മുടെ നീർത്തടങ്ങൾ | 33 |
| CURIOUS FACTS | 34 |
| നന്ദി | 35 |


അമ്മ എന്ന നന്മ

# പ്രാർത്ഥന

ഈ പ്രഭാതം കാണുവാൻ
ഹേതുവാം ജഗദീശ്വരാ
എന്നുമെന്നും വെളിച്ചമായ്
കാത്തുകൊള്ളണേ ഞങ്ങളെ

ഈ പ്രകൃതി സുന്ദരം
സ്മേരമായ് സൗഭാഗ്യമായ്
എന്നുമെന്നും പ്രകാശമായ്
കാത്തുകൊള്ളണേ ഈശ്വരാ

ഈ പ്രപഞ്ചം സത്യമായ്
നന്മയായ് ചൈതന്യമായ്
എന്നുമെന്നും വിളങ്ങുവാൻ
കാത്തുകൊള്ളണേ ദൈവമേ

ഈ വെളിച്ചം ശുദ്ധമായ്
പൂർണ്ണമാം സൗന്ദര്യമായ്
നമ്മിലെന്നും നിറഞ്ഞിടാൻ
കാത്തുകൊള്ളണേ ഈശ്വരാ



## സന്ദേശം



പൊതുവിദ്യാഭ്യാസമേഖല ഒരു
നവോത്ഥാനത്തിൻെറ
പാതയിലൂടെ അതിവേഗം കടന്നുപോകുന്ന
ഈ കാലഘട്ടത്തിൽ
അതിനു കരുത്തുപകരുന്ന ഒട്ടേറെ പ്രവർ
ത്തനങ്ങൾ കൈറ്റിൻെറ നേതൃത്വത്തിലുള്ള ലിറ്റിൽ കൈറ്റ്
യൂണിറ്റുകൾ ചെയ്യുന്നുണ്ട്.അവരുടെ സംരംഭമായ ഡിജിറ്റൽ
മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

ആർ. മധുസൂദനൻനായർ

ഹെഡ് മാസ്ററർ

## എഡിറ്റോറിയൽ

**അമ്മ-എത്ര ഉദാത്തമായ സങ്കല്പം!**

**ഈശ്വരനുമാത്രം സാധ്യമായ സൃഷ്ടികർമ്മത്തിലെ പ്രധാന കണ്ണി.**

**തൻെറ തലമുറയെ നിലനിർത്താനും നേർവഴിക്കു നടത്താനുമുള്ള നിയോഗം ശിരസ്സാ വഹിച്ചവൾ.**

**ഈ പ്രപഞ്ചത്തിലെ ജീവജാലങ്ങളെല്ലാം ഏതെങ്കിലും അമ്മയുടെ മക്കളാണ് എന്നതല്ലേ സത്യം?**

**അമ്മയെ ദൈവമായിക്കണ്ട ഭാരതീയ സംസ്കാരം ഇന്ന് അന്യം നിന്നു പോകുകയാണോ ?**

**നാട്ടിൽ പെരുകി വരുന്ന വൃദ്ധസദനങ്ങളും അമ്മമാരുടെ ഒറ്റപ്പെടലും എന്താണ് സൂചിപ്പിക്കുന്നത്?**
**ഒരു ജന്മം മുഴുവൻ മക്കൾക്ക് താങ്ങും തണലുമായി നിലകൊണ്ട അമ്മ എന്ന നന്മ തിരിച്ചറിയാൻ നമുക്ക് ഓരോരുത്തർക്കും കഴിയട്ടെ എന്ന പ്രാർത്ഥനയോടെ**

**അമൃത ബോയ്സ് ഹൈസ്കൂൾ പറക്കോട്, ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ**

**"അമ്മ എന്ന നന്മ"**

## സമർപ്പണം

**ഈ മാഗസിൻ യാഥാർത്ഥ്യമാക്കാൻ പ്രയത്നിച്ച അമൃതബോയ്സ് ഹൈസ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങൾക്ക് വേണ്ട മാർഗനിർദേശങ്ങൾ നൽകിയ കൈറ്റ് മിസ്ട്രസ്സുമാരായ ഇന്ദുകല ടീച്ചറിനും മായ ടീച്ചറിനും നന്ദി.**

എഡിറ്റർ

അൻസിൽ

**9B**



## എഡിറ്റോറിയൽ ബോർഡ്












അമ്മ എന്ന നന്മ




ടീം ലിറ്റിൽ കൈറ്റ്സ്

അമ്മ എന്ന നന്മ

# ഇവർ സ്കൂളിന്റെ അഭിമാനഭാജനങ്ങൾ

## സംസ്ഥാനതല വിജയികൾ

**മാഹീൻ 10C ജൂഡോ,ഷൂട്ടിങ്ങ്**





**ഗോവിന്ദ് എസ് ആർ 10A NCC**



**അജീഷ് 10B ജൂഡോ**



**ഗോകുൽ 10B ജൂഡോ**



**റാഷിദ് 10B ജൂഡോ**



**അഭിജിത് 8A സ്പോർട്സ്**



**ദേവനാരായൺ 9A തബല**

## പ്രസിദ്ധരുടെ അമ്മ സ്മരണകൾ

## ഓർമ്മകളിലെ അമ്മ

**നിർവചനം കൊടുക്കാൻ പറ്റാത്ത ഒരേയൊരു വാക്കേ ലോകത്തുള്ളു. ആ വാക്കാണ് അമ്മ.ലോക മാതൃദിനം ആഘോഷിച്ച അവസരത്തിലാണ് ചിലരെങ്കിലും ഈ സത്യം തിരിച്ചറിഞ്ഞത്.ഈ വർഷവും മേയ് 14 ന് ലോകമാതൃദിനം ആഘോഷിച്ചു.ഫുട്ബോൾ ഇതിഹാസം ഐ എം വിജയന്റെ അമ്മയെക്കുറിച്ചുള്ള ഓർമ്മകൾ .........**



**"സ്കൂളിൽ പഠിക്കുന്ന കാലം.അമ്മ വീടുകൾതോറും കയറിയിറങ്ങി കുപ്പിയും പാട്ടയുമൊക്കെ പട്ടാളം മാർക്കറ്റിൽ കൊണ്ടുപോയി വിൽക്കും.ആ വരുമാനം കൊണ്ടാണ് ജീവിതം. ഉച്ചക്ക് തേക്കിൻകാട് മൈതാനത്തു അമ്മ ഇതെല്ലാം കെട്ടിപെറുക്കിയിരിക്കുന്നതു കാണാം.എല്ലാം വിറ്റ് അമ്മയെത്താൻ രാത്രി എട്ടുമണിയാകും.ഞാൻ അതുവരെ പാലസ് ഗ്രൗണ്ടിലും പരിസരത്തുമൊക്കെയായി പന്തുകളി തന്നെയാണ്.കളി കഴിഞ്ഞു പാട്ടുരായ്ക്കൽ ജംഗ്ഷനിലെ കൃഷ്ണഭവൻ ഹോട്ടലിനു മുന്നിൽ ഞാൻ അമ്മയെകാത്തിരിക്കും.ക്ഷീണിച്ച അവശയായി അമ്മ നടന്നു വരുന്നതു കാണാം.അന്ന് പെറുക്കിയതെല്ലാം വിറ്റുകിട്ടിയ പണംകൊണ്ട് എനിക്കും ചേട്ടനും വാങ്ങിയ ഭക്ഷണപൊതി ഒരു കൈയിൽ കാണും.മറുകൈപിടിച്ചു ഞാൻ കാട്പിടിച്ച വിജനമായ,പാമ്പുകളിഴയുന്ന കോലോത്തുംപാടത്തെ ഓലപ്പുരയിലേക്കു നടക്കും."**

## ***ജീവിതത്തിൽ ലക്ഷ്യബോധത്തിന്റെ പ്രാധാന്യം***

**ജീ**വിതത്തിൽ ഏറ്റവും ശ്രേഷ്ഠമെന്നും പ്രധാനമെന്നും കരുതുന്നതെന്താണോ അതുനേടിയെടുക്കുക എന്നതാണ് ഓരോരുത്തരുടെയും ജീവിതലക്ഷ്യം.അവരുടെ എല്ലാ ശ്രമങ്ങളും അത് സാക്ഷാത്ക്കരിക്കാനായിരിക്കും.ഉദാഹരണത്തിന് കലകളിൽ വളരെയധികം  താത്പര്യമുള്ള ഒരാൾ മികച്ച ഒരു കലാകാരനാകാൻ ശ്രമിക്കും.സയൻസിലാണ താത്പര്യമെങ്കിൽ ശാസ്ത്രജ്ഞനാകും.ഒരുവന്റെ ബുദ്ധിയിൽ ഉറയ്ക്കുന്ന ചിന്തയാണ് അവന്റെ ജീവിതത്തിനു രൂപം നല്കുന്നത്.അതിനാൽ നമ്മുടെ ചിന്താശക്തി എങ്ങനെ തിരിച്ചുവിടണം എന്നുള്ളത് പരമപ്രധാനമായ കാര്യമാണ്.ഇതിനു വഴിതെളിക്കുന്നതു വ്യക്തമായ ലക്ഷ്യബോധമാണ്.

ആദ്യമായി ഒരു ദൂരസ്ഥലത്തേക്കു യാത്ര ചെയ്യുമ്പോൾ നമ്മൾ ഭൂപടം നോക്കി വഴി മനസ്സിലാക്കും അതനുസരിച്ചു പോയാൽ യാത്രയിൽ അത്ര തടസമുണ്ടാകില്ല.അതുപോലെ,ജീവിതത്തിന്റെ ലക്ഷ്യമെന്താണ്, അതിലെത്തിച്ചേരുവാനുള്ള വഴിയേതാണ് എന്നെല്ലാം അറിഞ്ഞിരുന്നാൽ എളുപ്പം തടസ്സങ്ങൾ നീക്കി മുന്നോട്ടു പോകുവാൻ സാധിക്കും.

വാസ്തവത്തിൽ നമ്മുടെ ബുദ്ധിയിൽ ഉദിക്കേണ്ടതു ശരിയായ അറിവാണ്,ബോധമാണ്.ഒരു പക്ഷിയുടെ രണ്ടു ചിറകുകൾ പോലെ ആ ബോധവും ശരിയായ പ്രയത്നവും ഉണ്ടായാൽ നമുക്ക് എല്ലാം തനിയെ വന്നുചേരും.

***മാതാ അമൃതാനന്ദമയി***

## ഏകയാണമ്മ



**മക്കളായ് നാലുപേരുണ്ടെങ്കിലും**

**അമ്മ ഏകയാണേകയാണീ ഊഴിയിൽ**

**അച്ഛൻ മറഞ്ഞൊരു കാലം മുതൽക്കമ്മ**

**ഭാരമായ് തീർന്നുവോ നാലുപേർക്കും?**

**ദുശ്ശകുനം പോലെ അമ്മയെക്കണ്ടൊരാ**

**മക്കൾ നടന്നു മറയുന്നതും നോക്കി**

**നെഞ്ചുപൊളിഞ്ഞമ്മ നീറിനിന്നു**

**ചെല്ലക്കഥകൾ നുകർന്നു രസിച്ചൊരാ**

**പേരക്കിടാവോടിവന്ന നേരം**

**ശാസിച്ച നിർത്തി മരുമകളെങ്കിലും**

**മുത്തശ്ശിക്കൊപ്പമൊന്നോടിയെത്താൻ**

**കൈനീട്ടി നിന്നു കരഞ്ഞു പൈതൽ**

**അന്യയായമ്മൂമ്മ നൊന്തു നിൽക്കെ**

**വിങ്ങിനുറുങ്ങിയോ കുഞ്ഞിൻ മനം**

**നിർമ്മലർ ബാല്യമേ നിന്നിൽ**

**പക നട്ടൊരച്ഛനും അമ്മയും എന്തുനേടി?**

**മക്കളെ ഓർക്കുക തീരാത്ത ദുരിതമായ്**

**നിങ്ങളെ ചൂഴുന്ന താപമായ്**

**തീരുമീ മാതൃശാപം**

**ആരോ വിലയിട്ടൊരാനാലുകെട്ടിൻെറ**

**നോവുപോലമ്മ പകച്ച നിന്നു**

**നേരമില്ലമ്മയെ നോക്കുവാനെന്നെല്ലാ**

**മക്കളുമൊന്നായ് പറഞ്ഞെങ്കിലും**

**നാൽവരിലാരെങ്കിലും വന്നു**

**കൈപിടിച്ചൊപ്പം**

**നടക്കുമെന്നാശിച്ച**

**ആശകൾ പിന്നെയും ബാക്കിയാക്കി**

**പാതിവഴിയിൽ മറഞ്ഞൊരാ**

**അച്ഛൻെറ ഓർമ്മയിലമ്മ പിടഞ്ഞുവീഴെ**

**കൈപിടിച്ചാരോ നടത്തി ആ അമ്മയെ**

**ശരണാലയത്തിൻ കവാടം വരെ**

**കടപ്പാട്- സുഭാഷ് ചേർത്തല**

## വമ്പന്മാർ വന്ന വഴി

### ക്യാമറക്കണ്ണിലൂടെ ലോകത്തെ വിസ്മയിപ്പിച്ച കാനൺ കമ്പനിയുടെ കഥ

"ശരീരത്തിനകത്ത് കടത്തി ചിത്രങ്ങൾ എടുക്കാവുന്ന ക്യാമറയുണ്ടെങ്കിൽ ചികിത്സ എത്ര എളുപ്പമായേനെ" തകേഷി മിതാറായി എന്ന ജപ്പാൻകാരനായ ഡോക്ടർ തൻെറ ചങ്ങാതിമാരോടു പറഞ്ഞു,

1900-ത്തിൻറെ തുടക്കകാലം.ജർമ്മനിയിൽ നിർമ്മിച്ച ക്യാമറകളായിരുന്നു അന്ന് വിപണിയിൽ കൂടുതലും.ഇവയിൽ മിക്കതും നിലവാരം കുറഞ്ഞവയായിരുന്നു.

ഗോറോ യോഷിത,സബൂറോ യൂചിഡ,ടെയ്ക്കോ മയേഡ എന്നീ ചങ്ങാതിമാരോടൊപ്പം തകേഷി മിതാറായി 1933 -ൽ ഒരു പരീക്ഷണശാല സ്ഥാപിച്ചു."പ്രിസിഷൻ ഒപ്റ്റിക്കൽ ഇൻസ്ട്രുമെൻ്റ ലബോറട്ടറി."



മികച്ചൊരു ക്യാമറയ്ക്കു വേണ്ടി അവർ പരിശ്രമിയ്ക്കാൻ തുടങ്ങി.ഒരു വർഷത്തിനു ശേഷം അവർ മനസ്സിൽ കണ്ടതുപോലെ ഒരു ക്യാമറയുണ്ടാക്കി.മറ്റ് ക്യാമറകൾക്കില്ലാത്ത പല പ്രത്യേകതകളും പ്രിസിഷൻ കമ്പനിയുടെ ക്യാമറയ്ക്ക് ഉണ്ടായിരുന്നു.അതിന് അവർ ഒരു പേരുമിട്ടു.ക്വാനോൺ (kwanon).

രണ്ടാം ലോകമഹായുദ്ധം ശക്തി പ്രാപിച്ച കാലം.യുദ്ധാവസാനം ജപ്പാൻ പരാജയപ്പെട്ടു.ജപ്പാനിൽ സാമ്പത്തികപ്രതിസന്ധി രൂക്ഷമായി.ഇതോടെ കമ്പനി പൊതുജനങ്ങൾക്ക് ഓഹരികൾ വിറ്റ് പണം സ്വരൂപിയ്ക്കാൻ തീരുമാനിച്ചു, കുറച്ച് വർഷങ്ങൾക്കു ശേഷം ഒരു പുത്തൻ കണ്ടെത്തലുമായി വീണ്ടും അവരെത്തി.ആദ്യത്തെ എക്സ്റേ ക്യാമറ.ഇതോടെ കാനൺ കമ്പനി കൂടുതൽ ശ്രദ്ധിയ്ക്കപ്പെട്ടു തുടങ്ങി.തകേഷി മിതാറായി കമ്പനിയുടെ പ്രസിഡൻറ് ആയി.

പല രാജ്യങ്ങളിലും യാത്ര ചെയ്ത് തകേഷി അവിടത്തെ ക്യാമറ ഉപയോഗത്തെക്കുറിച്ച വിശദമായി പഠിച്ചു.പല കമ്പനികളുമായും കരാറിലേർപ്പെട്ടു.പതുക്കെപ്പതുക്കെ ജപ്പാന് പുറത്തേക്കും കാനൺ വളർന്നു.വിദേശങ്ങളിലേക്ക് ക്യാമറയും മറ്റും കയറ്റി അയയ്ക്കുന്നതിന് ജപ്പാൻ ഗവൺമെൻറിൻെറ പിന്തുണ കൂടി കിട്ടിയപ്പോൾ കാനൻെറ വിജയക്കുതിപ്പ് അതിവേഗത്തിലായി.

അമ്മ എന്ന നന്മ

**തെക്കേ അമേരിക്കയടക്കമുള്ള പല പ്രദേശങ്ങളിലും കാനൺ ശാഖകൾ തുറന്നു.അവിടങ്ങളിലെല്ലാം മികച്ച പേരും നേടി.എന്നും പുത്തൻ ആശയങ്ങൾ കണ്ടെത്താനും പരീക്ഷിക്കാനും മുന്നിലായിരുന്നു കാനൺ.**




**ലോകത്ത് കമ്പ്യൂട്ടർ രംഗത്ത് അതിവേഗം പരിഷ്കാരങ്ങൾ വന്നു കൊണ്ടിരുന്ന സമയം, കാനൺ ആ മേഖലയിലും വിജയക്കൊടി നാട്ടി. കാനോൺ-130 എന്ന കാൽക്കുലേറ്റർ കാനൺ പുറത്തിറക്കി.പത്ത് കീകളുള്ള ലോകത്തിലെ ആദ്യത്തെ കാൽക്കുലേറ്റർ ആയിരുന്നു അത്.**

**ആദ്യത്തെ ഇങ്ക്ജെറ്റ് പ്രിൻറർ കാനൺ പുറത്തിറക്കിയപ്പോൾ അത് പ്രിൻറിങ്ങ് ചരിത്രത്തിലെ നാഴികക്കല്ലായി.അതുവരെയുള്ള പ്രിൻറുകളേക്കാൾ മിഴിവുറ്റ രീതിയിൽ ഇങ്ക്ജെറ്റ് കൊണ്ട് പ്രിൻറ് ചെയ്യാമായിരുന്നു.ഫോട്ടോഗ്രാഫി രംഗത്ത് ഇത് വഴിത്തിരിവായി.**

**ബുദ്ധനും കാനനും**

ബുദ്ധമതവിശ്വാസപ്രകാരം കരുണയുടെ ദേവതയാണ് ക്വാനോൺ. ഈ പേരാണ് പ്രിസിഷൻ ലബോറട്ടറി ആദ്യമായി നിർമ്മിച്ച ക്യാമറയ്ക്കിട്ടത്.പിന്നീട് ഇത് കാനൺ എന്നാക്കി മാറ്റി..

**കാനൺ കമ്പനിയുടെ എസ് എൽ ആർ ക്യാമറ പുറത്തുവന്നതോടെ ആർക്കും നല്ല ഫോട്ടോ എടുക്കാമെന്നായി.ഫോട്ടോഗ്രാഫി രംഗത്തെ വിപ്ളവം തന്നെയായിരുന്നു കാനൺ ക്യാമറകൾ.ഇന്ന് കാനൺ എന്ന പേര് കേൾക്കാത്ത ക്യാമറാപ്രേമികളുണ്ടാകില്ല.200 -ൽ അധികം മോഡലുകളിലുള്ള കാനൺ ക്യാമറകൾ ഇന്ന് വിപണിയിലുണ്ട്**




കടപ്പാട്-ബാലരമ

അമ്മ എന്ന നന്മ

## അനന്തത

ജയലക്ഷ്മി .പി,ഗണിതാധ്യാപിക

പരമാണുവായ  ബിന്ദു ...നീ.....
അസ്ഥിത്വമില്ലാത്ത  ബിന്ദു
ഒരു ബിന്ദുവിൽ നിന്നും മറുബിന്ദു തേടി
നീ യാത്രയാകുന്നു വരകളായ്.....
വരകൾ ചേർന്നുണ്ടായ പുതിയരൂപം
സംവൃതമാക്കി ത്രികോണമായി
ആർക്കും ഭേദിക്കാൻ കഴിയാത്ത
ഉറപ്പുള്ള രൂപമായ് മാറിയല്ലോ...
ഓരോ വരകൾ നീ കൂട്ടിച്ചേർത്തു..
നിന്റെ  വളർച്ച ഞാൻ നോക്കി നിന്നു..
വളരുന്തോറും നിൻ ബലം ചോർന്നു..
എങ്കിലും നീ വളർന്നുകൊണ്ടേയിരുന്നു..
നിന്റെ ഭുജങ്ങൾ തുല്യങ്ങളാക്കി...
നിന്റെ കോണുകൾ തുല്യങ്ങളാക്കി..
പ്രകൃതി നിന്നെ സുന്ദരിയാക്കി....
അനന്തമാം ബാഹുക്കൾ ചേർന്നു നീ...
വളരുകയായിരുന്നല്ലോ.........
ഈ യാത്രയെങ്ങോട്ട് തുടരുന്നു...
ഇതിനൊരവസാനമുണ്ടോ......
പരമാണുവിൽ നിന്നും അനന്തതയിലേക്കുള്ള
യാത്രകൾ ഇന്നും തുടരുന്നു.
ഒടുവിൽ നീ ബാഹുക്കളില്ലാത്തവളായി...
രൂപവും ഭാവവും ഇല്ലാതെയായ്....
വെറും വട്ടമായ് മാറിയതെന്തേ...
ഗണിതമേ നീ തന്നെ ജീവിതം..
അമൂർത്തമായ് നില്കുന്ന ജീവിത സത്യം..

# चुटकुले



## चश्मा

संता - डाक्टर चश्मा लगने के बाद मैं पढ तो सकूंगा ना ?
डाक्टर - हां बिलकुल ......
संता - फिर ठीक है डाक्टर, नहीं तो अनपढ आदमी की जिंदगी भी कोई जिंदगी है।

## रिश्तेदार

एक बार पति पत्नी घूमते जा रहे थे....

रास्ते में गधा मिला, पत्नी को मजाक सूझी....

पत्नी- आपके रिश्तेदार हैं ,नमस्ते करो

पति भी बहुत कमी न निकला .....

बोला, "ससुरजी नमस्ते"

## बिस्तर

पप्पू - बेटा दो बिस्तर क्यों लगाया ?
बेटा - घर पर दो मेहमान आनेबाले हैं।
पप्पू - कौन-कौन हैं?
बेटा - मम्मी के भाई और मेरे मामा...
पप्पू - फिर एक और लगा ,मेरा साला भी आ रहा है।

# സംഗീത ത്രിമൂർത്തികൾ

18–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കർണ്ണാടക സംഗിതജ്ഞരായ ത്യാഗരാജ സ്വാമികൾ, മുത്തു സ്വാമി ദീക്ഷിതർ, ശ്യാമശാസ്ത്രി എന്നിവരാണ് കർണാടക സംഗീതത്തിലെ ത്രിമൂർത്തികൾ എന്നറിയപ്പെടുന്നത്. ഇവർ മൂവരും നേരത്തേ തഞ്ചാവൂർ ജില്ലയുടെ ഭാഗമായ തിരുവാരൂരിൽ ആണ് ജനിച്ചത്. ഇന്നു നിലനിൽക്കുന്ന രീതിയിൽ കർണ്ണാടക സംഗീതത്തെ മാറ്റിയെടുക്കാൻ കൃതികളുടെയും, രാഗങ്ങളുടെയും വൈവിധ്യത്തിലും ശ്രേഷ്ഠമായ മാറ്റം ഇവർ സൃഷ്ടിച്ചു. നിരവധി പുതിയ രാഗങ്ങൾ സൃഷ്ടിക്കുകയും അവയെ ജനകീയമാക്കുകയും ചെയ്തു. ദീക്ഷിതർ സംസ്കൃത ഭാഷയിലും, മറ്റു രണ്ടു പേർ തെലുങ്കു ഭാഷയിലുമാണ് കൂടുതൽകൃതികൾ രചിച്ചത്.

സംഗീതത്തിനു പുറമെ ജ്യോതിശാസ്ത്രത്തിലും പാണ്ഡിത്യമുണ്ടായിരുന്ന ദീക്ഷിതർ ഗ്രഹദോഷശാന്തിക്കായി നവഗ്രഹങ്ങളെയും സ്തുതിച്ചു കൃതികൾ രചിച്ചു. ഇവയെ നവഗ്രഹകൃതികൾ എന്ന് വിശേഷിപ്പിക്കുന്നു. വ്യത്യസ്ത ദേശങ്ങളിൽ സഞ്ചരിക്കുകയും അവിടെയുള്ള ക്ഷേത്രങ്ങൾ സന്ദർശിച്ച്,ക്ഷേത്രത്തെക്കുറിച്ചും, അവിടത്തെ മൂർത്തിയെക്കുറിച്ചും ആധാരമാക്കി രചനകൾ നടത്താൻ ദീക്ഷിതർ സാമർത്ഥ്യം കാണിച്ചിരുന്നു അതിനാൽ അദ്ദേഹത്തിന്റെ കൃതികൾ പഠിക്കുന്ന വിദ്യാർത്ഥിക്കു സംഗീതത്തിനു പുറമെ വിവിധ വിഷയങ്ങളിൽ അറിവ് നേടാൻ സാധിക്കുന്നു.മറ്റുള്ളവരിൽ നിന്നു വ്യത്യസ്തനായി ശ്രീരാമഭഗവാനോടുള്ള ഭക്തി മാത്രം മുൻനിർത്തിയാണ് ത്യാഗരാജസ്വാമിൾ അദ്ദോഹത്തിന്റെ രചനകൾ നിർവ്വഹിച്ചിരുന്നത് തന്റെ സർവ്വസവും ഈശ്വരനിൽ സമർപ്പിച്ച് സംഗീതം കൊണ്ടും ധന്യമായ കൃതികൾ അദ്ദേഹം സൃഷ്ടിച്ചു. അനേകം ശിഷ്യരുണ്ടായിരുന്ന അദ്ദേഹത്തിന്റെ കൃതികൾ ദക്ഷിണേന്ത്യയിൽ മുഴവൻ പ്രചരിക്കാൻ അതുവഴി സാധിച്ചു. ശ്യാമശാസ്ത്രികൾ മധുര മീനാക്ഷിയെ സ്തുതിച്ചു കൊണ്ടാണ് കൃതികൾ രചിച്ചിരുന്നത്. അദ്ദേഹത്തിന്റെ കൃതികൾ താളവൈവിധ്യം കൊണ്ട്സിയ സമ്പന്നമാണ്. ശിഷ്യരുടെ കുറവുകൊണ്ട് അദ്ദേഹത്തിന്റെ കൃതികൾക്കു വേണ്ടത്ര പ്രചാരം ലഭിച്ചില്ല. എങ്കിലും ലഭ്യമായ കൃതികളിലൂടെ അദ്ദേഹത്തിന്റെ പ്രതിഭ, ത്രിമൂർത്തികളിൽ മറ്റുള്ളവരോടൊപ്പം അദ്ദേഹത്തെ എത്തിച്ചു.

ത്രിമൂർത്തികളുടെ കാലമാണ് കർണ്ണാടക സംഗീതത്തിലെ സുവർണ്ണ കാലമായി കണക്കാക്കുന്നത്.

കാർത്തിക
സംഗീതാധ്യാപിക

# കൃഷി ച്ചൊല്ലുകൾ

**മലയാളത്തിൽ ഏറ്റവുമധികം പഴഞ്ചൊല്ലുകൾ** കൃഷിയെപ്പറ്റിയാണ്.

അവയിൽ ചിലത് ഇതാ.

- കണ്ടത്തിലെ പണിക്ക് വരമ്പത്തു കൂലി
- കളയില്ലാതെ വിളയില്ല
- കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും നെല്ല്
- ഞവര നട്ടാൽ ഉവര മുളയ്ക്കില്ല
- മണ്ണറിഞ്ഞു വിത്ത്,കണ്ടറിഞ്ഞു വളം
- മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കില്ല
- വിളഞ്ഞാലേ വയറ്റിലെത്തൂ
- നല്ലതേ നല്ലൂ ,നട്ടതേ മുളയ്ക്കൂ
- നന തെറ്റിയാൽ എല്ലാം തെറ്റും
- പത്തായം പട്ടിണി കിടക്കരുത്
- കല്ലിൽ വിതച്ചാൽ കരിയും
- നട്ടാലേ നേട്ടമുള്ളൂ

*സ്വഭാവത്തെക്കുറിച്ചുള്ള പഴഞ്ചൊല്ലുകൾ*

- വടിയെടുത്താൽ മടി ഓടും
- വലഞ്ഞവനോട് വാദിക്കരുത്
- മൊഴി തെറ്റരുത് ,വഴി തെറ്റും
- മൊഴി മുട്ടുമ്പോൾ കൊഞ്ഞനം കാട്ടരുത്
- മുള്ളുവാക്ക് ഉള്ളു നോവിക്കും.

സമ്പാദകൻ

അഭിജിത്ത് എ 9C

## ലോഹങ്ങൾ ഉണ്ടായ കഥ

ഒരിക്കൽ ബ്രഹ്മാവ് ഒരു യാഗം നടത്താനൊരുങ്ങി.മഹാമേരു പർവ്വതത്തിൻെറ കൊടുമുടിയിൽ , ആകാശഗംഗയുടെ കരയിൽ വച്ചായിരുന്നു യാഗം.

ഈ യാഗത്തെപ്പറ്റിയുള്ള വാർത്ത ദുഷ്ടനായ ലോഹാസുരൻെറ ചെവിയിലുമെത്തി.യാഗങ്ങൾ മുടക്കുന്നത് ഹരമാക്കിയ ലോഹസുരൻ ഉടൻ തൻെറ രാജ്യമായ ലോഹപുരത്തുനിന്ന് യാഗസ്ഥലത്തേക്ക് പുറപ്പെട്ടു ലോഹാസുരൻ വരുന്നത് ജ്ഞാന ദൃഷ് ടി കൊണ്ട് മനസ്സിലാക്കിയ ബ്രഹ്മാവ് എന്തു ചെയ് തെന്നോ ?ധ്യാനത്തിലിരുന്ന് ശക്തനും പെരുത്ത ഉടലുള്ളവനുമായ ഒരു കാവൽക്കാരനെ സൃഷ് ടിച്ചു.


അപ്പോഴേക്കും കറുത്ത നിറവും.പാറക്കല്ലു പോലെ ഉറച്ച മുഷ്ടിയും തടിച്ചുരുണ്ട ആയിരം കൈകളുമുള്ള ഭയങ്കര രൂപനായ ലോഹാസുരൻ യാഗസ്ഥലത്തെത്തി. അവൻ തൻെറ മുഷ്ടി കൊണ്ടും ഗദകൊണ്ടും ദേവൻമാരെയൊക്കെ ഇടിച്ചും അടിച്ചും ഓടിക്കാൻ തുടങ്ങി. അതുകണ്ട വിഷ്ണുഭഗവാൻ ബ്രഹ്മാവ് സൃഷ്ടിച്ച യുവാവിനെ തൻെറ വാളാക്കി മാറ്റി ലോഹാസുരനെ എതിരിട്ടു . ഭഗവാൻ ലോഹാസുരൻെറ അംഗങ്ങളൊക്കെ വാൾ കൊണ്ട് അറുത്ത് ഭൂമിയിൽ വീഴ്ത്തി . ആ അവയവങ്ങൾ ഇരുമ്പ്,ചെമ്പ്,വെള്ളി,സ്വർണ്ണം എന്നീ ലോഹങ്ങളായി ഭൂമിയുടെ അടിയിലേക്ക് പോയി മറഞ്ഞു

അൻസിൽ.എ 9C.

## എന്റെ അമ്മ

സ്നേഹമാണമ്മ
സാന്ത്വനമാണമ്മ
താരാട്ടുപാട്ടിന്റെയീണമാണെന്റമ്മ.
ഓരോ നിമിഷവുമെനിക്കായ്
കാത്തുവെച്ചതാണെന്റെയമ്മ.
ഓരോസ്വപ്നവുമെനിക്കായ്
കരുതിവെച്ചന്റെയമ്മ
അറിവിൽ നിറദീപം പകർന്നെ-
ന്നെ ഞാനാക്കിമാറ്റിയതെന്റെയമ്മ.
നേരിന്റെ തേൻകണം ചൊരിഞ്ഞെൻ
മനസ്സിലിൽ സ്നേഹമായിത്തീർന്നെന്റെയമ്മ.
ഞാനായ്,എന്നിലെ നന്മയായ്,സ്നേഹമായ്
സ്വപ്നമായ്,ഭാവിയായ് മാറിയതെല്ലാ-
മെന്നമ്മതൻ വാക്കുകളല്ലോ.......
അമ്മതൻ പാദങ്ങളാണെൻ വഴിയിൽ
പൊൻവെളിച്ചം തൂകുന്നതെന്നറിയുന്നു ഞാൻ

ലളിത
മലയാളം അധ്യാപിക



ജോഷ്വാ 9B

-


അമ്മ എന്ന നന്മ

## വലയസൂര്യഗ്രഹണം

2019 ഡിസംബർ 26 ന് നൂറ്റാണ്ടിലെ ആകാശവിസ്മയമായ വലയസൂര്യഗ്രഹണം

കേരളത്തിൽ ദൃശ്യമായി.ആ


ആകാശകാഴ്ചകളിലൂടെ......





സൂര്യബിംബത്തിന്റെ ബാഹ്യ ഭാഗം ചന്ദ്രന്റെ നിഴലിനാൽ മറയ്ക്കപ്പെട്ട് ഒരു വലയമായി കാണപ്പെടുന്നു.





അമ്മ എന്ന നന്മ

## ഡിസംബറിന്റെ നഷ്ടം

മഞ്ഞു പൊഴിയുന്നൊരീ
ഡിസംബറിൻ രാവിൽ
മനസ്സിലോടിയെത്തുന്നൊരെൻ
സ്മൃതികളേ .....................


എന്റെ കനൽ വഴികളിൽ
എനിക്കു തണലേകിയ
പൂമരമെവിടെ .............
എന്റെ കാലിടറുമ്പോൾ
എന്നെ താങ്ങി നിർത്തിയ
വന്മരമെവിടെ ..... ...... ....

എന്റെ കർമപഥങ്ങളിൽ
വെളിച്ചമേകിയ
വിളക്കു മരമെവിടെ ......

ഒരു നനുത്ത സ്പർശമായ്
സാന്ത്വനമായ്.......
നിങ്ങളെന്നിലണയൂ .....
വാതായനത്തിനപ്പുറം
കാലം പുതുവർണ്ണങ്ങൾ
വിതറുന്നു .......... .... ...
അതിൽ വർണചിത്രങ്ങളായ്
എന്നും എന്നമ്മയുണ്ടാകണം.

**ജയലക്ഷ്മി.പി**
**ഗണിതാധ്യാപിക**

## അമ്മക്കിളിയുടെ രോദനം



അമൽകുമാർ
9C

അമ്മ എന്ന നന്മ

# *COMPUTER QUIZ AND ANSWERS*

*1. Who invented Compact Disc?*

*Ans: James T Russel*

*2. Which day is celebrated as world Computer Literacy Day?*
*Ans: December 2*

*3. Who invented Java?*
*Ans : James A Gosling*

*4. Longhorn was the code name of ?*
*Ans : Windows Vista*

*5. Who is known as the Human Computer of India?*
*Ans : Shakunthala Devi*

*6. What is mean by Liveware?*
*Ans : People who work with the computer*

*7. Which computer engineer got Nobel Prize for literature in 2003?*
*Ans: J.M. Coetzee*

*8. 'Weaving The Web' was written by.....*
*Ans: Tim Burners Lee*

*9. What is Beta Test?*
*Ans: Trial test of a computer or software before the commercial launch*

*10. 'Do no evil' is tag line of......*
*Ans: Google*

*11. First Indian cinema released through internet is .....*
*Ans: Vivah*

*12. Rediff.com was founded by.....*

*Ans : Ajith Balakrishnan and Manish Agarwal*

*collected by JOSHUA 9B*


# ആഗോളതാപനം

**കാ**ലാവസ്ഥാമാറ്റത്തിന് പകരം ഉപയോഗിക്കുന്ന പദമായിട്ടുണ്ട് ഇന്ന് ആഗോളതാപനം. കാലാവസ്ഥാ മാറ്റത്തിന് വഴിവയ്ക്കുന്ന മുഖ്യകാരണങ്ങളിലൊന്നാണിത്.ഒരു ദീർഘകാലയളവിലെ ശരാശരി താപനില യേക്കാൾ ഉയർന്നു നില്ക്കുന്നതാണ് ആഗോളതാപനം. ലളിതമായി പറഞ്ഞാൽ, ഭൂമിയുടെ ചൂട് വർദ്ധിച്ചു വരുന്ന പ്രതിഭാസം.ചരിത്രാതീതകാലത്തും താപനില ഉയർന്നിട്ടുണ്ട്.എന്നാൽ ,മനുഷ്യന്റെ പ്രവൃത്തിമൂലം ഭൗമോപരിതലത്തിന്റെ താപനില ഉയരുന്നതിനെ കുറിക്കാനാണ് ഇന്ന് മുഖ്യമായും ഈ പദം ഉപയോഗിക്കുന്നത്.



ഇരുപതാം നൂറ്റാണ്ടിന്റെ പകുതി മുതൽ മനുഷ്യപ്രവർത്തനങ്ങളാൽ ആഗോളതാപനില ഉയരുന്നതായി ഐപിസിസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.അന്തരീക്ഷത്തിൽ ഹരിതഗൃഹവാതകങ്ങൾ വർധിച്ചതാണ് കാരണം.
ഭൂമിയിൽ വൻ ദുരന്തങ്ങൾക്കിടയാക്കുന്ന സമുദ്രജലനിരപ്പ് വർധന.ഉഷ്ണതരംഗം ,മരുഭൂമിവ്യാപനം എന്നീ പ്രതിഭാസങ്ങൾ ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങളാണ്.സമുദ്രനിരപ്പുയർന്നാൽ നിരവധി ദ്വീപുകളും തീരദേശങ്ങളും വെള്ളത്തിനടിയിലാകും.കടൽവെള്ളം കയറുന്നതോടെ മണ്ണിൽ ലവണാംശം വർദ്ധിക്കും.
ഇത് വൻതോതിൽ വിളനാശത്തിനും കുടിവെള്ളം മലിനപ്പെടുന്നതിനും ഇടയാക്കും.വിളനാശം ഭക്ഷ്യസുരക്ഷയെത്തന്നെ അപകടത്തിലാക്കും.

നന്ദുബാബു
9B



*അഭിജിത്ത് .എ*

*9C*

അമ്മ എന്ന നന്മ


## രക്തദാനത്തിന്റെ പ്രാധാന്യം

45 കിലോഗ്രാമിനു മുകളിൽ തൂക്കമുള്ള ,രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവ് 12.5 ഗ്രാമിൽ കൂടുതലുള്ള ,18 നും 60 നും മധ്യേപ്രായമുള്ള എല്ലാവർക്കും രക്തംദാനം ചെയ്യാം. നമ്മുടെ ശരീരത്തിൽ ശരാശരി 5 ലിറ്റർ രക്തം[70 ml/kg] ഉണ്ടാകുമെന്നു നേരത്തേ പറഞ്ഞല്ലോ ഇതിൽ ഒരു കിലോഗ്രാമിന് 50 മില്ലി ലിറ്റർ എന്ന തോതിലുള്ള രക്തമേ ദൈനംദിന പ്രവർത്തനങ്ങൾക്കായി വേണ്ടിവരുന്നുള്ളൂ. ബാക്കി വരുന്ന രക്തം ശരീരത്തിൽ അധികമായി സൂക്ഷിച്ചിരിക്കുന്നു. ഇതാണു ദാനം ചെയ്യുന്നത്.
രക്തം ദാനം ചെയ്ത് 24 മുതൽ 36 വരെ മണിക്കൂറിനകം രക്തത്തിന്റെ അളവ് പൂർവസ്ഥിതിയിലെത്തും.

നമ്മൾ നൽകുന്ന ഓരോ യൂണിറ്റ് രക്തത്തെയും ചുവന്ന രക്താണുക്കൾ, ശ്വേതരക്താണുക്കൾ, പ്ലേറ്റ്ലറ്റ്, പ്ലാസ്മ തുടങ്ങിയ ഭാഗങ്ങളായി വേർതിരിക്കാൻ സാധിക്കും. എന്നിട്ടത് ഓരോന്നും ആവശ്യമുള്ള രോഗികൾക്ക് നൽകും. എന്നു വച്ചാൽ ഒരു പ്രാവശ്യം രക്തം ദാനം ചെയ്യുന്നതു വഴി നാലുപേരുടെ ജീവൻ രക്ഷിക്കാൻ നമുക്ക് കഴിയും.രക്തംദാനംചെയ്ത് 24 മുതൽ 36 വരെ മണിക്കൂറിനകം രക്തത്തിന്റെ അളവ് പൂർവസ്ഥിതിയിലെത്തും. ലഹരിമരുന്നിനടിമകളായവർ HIV/AIDS രോഗികൾ ആയിരിക്കും.

*ശരത്*
*9 C*


## പ്രകൃതിയുടെ വികൃതികൾ








## ***THE SECRET OF SUCCESS***

***ONCE a young man asked the wise man, Socrates, the secret to success. Socrates patiently listened to the man's question and told him to meet him near the river the next morning for the answer. The next morning Socrates asked the young man to walk with him towards the river. As they went in the river the water got up to their neck. But to the young man's surprise Socrates ducked him into the water. The young man struggled to get out of the water, but Socrates was strong and kept him there until the boy started turning blue. Socrates pulled the man's head out of the water. The young man gasps and took a deep breath of air. Socrates asked, "What did you want the most when your head was in the water?" The young man replied, "Air." Socrates said, "That is the secret to success. When you want success as badly as you wanted he air while you were in the water, you will get it. There is no other secret."*** ****MORAL: A burning desire is the starting point of all accomplishment. Just like a small fire cannot give much heat, a weak desire cannot produce great results.***

# നമ്മുടെ നീർത്തടങ്ങൾ



പ്രകൃതിയിലെ അമൂല്യ ജൈവസമ്പത്തുക്കളാണ് തണ്ണീർത്തടങ്ങൾ

സ്ഥിരമായോ കാലാനുസൃതമായോ വെള്ളം നിറയുന്ന പ്രത്യേകതരം ആവാസവ്യവസ്ഥകളാണ് ഇവ.ശുദ്ധജലം,ഉപ്പുവെള്ളം,ഇവ രണ്ടും കലർന്നുള്ള വെള്ളം എന്നിവ തണ്ണീർത്തടങ്ങളിൽ കാണപ്പെടുന്നുണ്ട്.

ചതുപ്പുകൾ,ചെളിപ്രദേശങ്ങൾ,കണ്ടൽകാടുകൾ വയലുകൾ എന്നിവയെല്ലാം തണ്ണീർതടങ്ങളിൽ ഉൾപ്പെടുന്നു.തണ്ണീർ സംരക്ഷിക്കുകയും അവയിലെ ജൈവസമ്പത്തുക്കളെ സൂക്ഷ്മതയോടെ ഉപയോഗപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യവുമായി ഉണ്ടാക്കപ്പെട്ട ഉടമ്പടിയാണ് റംസാർ ഉടമ്പടി. 165 രാജ്യങ്ങൾ പങ്കെടുത്ത് ഇറാനിലെ റംസാറിൽ വച്ചാണ് ഈ ഉടമ്പടി ഒപ്പുവച്ചത്.ആഗോള പ്രാധാന്യമുള്ള നീർത്തടങ്ങളെ റംസാൻസൈറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.ഇന്ത്യയിൽ ഇരുപത്തിയാറ് തണ്ണീർത്തടങ്ങൾക്ക് ഈപദവിയുണ്ട് .വേമ്പനാട്,അഷ്ടമുടി,ശാസ്താംകോട്ടഎന്നിവ റംസാൻ സൈറ്റുകളായി പ്രഖ്യാപിച്ചവയാണ്. കാസർഗോഡ്ജില്ലയിലെ കവ്വായി കായലിനെ റംസാർ സൈറ്റാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

പ്രകൃതിയുടെ വൃക്കകൾ എന്നാണ് തണ്ണീർത്തടങ്ങൾ അറിയപ്പെടുന്നത് .ഇവ മലിനജലത്തെ അരിച്ച് മാലിന്യങ്ങളെ പിടിച്ചുവച്ച് ശുദ്ധീകരിച്ച ജലത്തെ *ഉപരിതല ജലമോ ഭൂഗർഭജലമോ ആകാൻ വിടുന്നു.മഴവെള്ളം സംഭരിച്ചുവയ്ക്കുന്ന ജലസംഭരണികളാണ് ഇവ.മീനുകൾ, ഉഭയജീവികൾ,ദേശാടനപ്പക്ഷികൾ, മറ്റു പക്ഷികൾ, ജലസസ്യങ്ങൾ, തുമ്പികൾ എന്നിങ്ങനെ നിരവധി ജീവജാലങ്ങളുടെ ആവാസകേന്ദ്രങ്ങളാണ്തണ്ണീർത്തടങ്ങൾ.*

***ഹരികൃഷ്ണൻ 9C***

# CURIOUS FACTS

## Newspapers

Newspapers in Ancient Rome were carved in metal or stone. In the past, in China, they were handwritten on silk. In Europe, merchants would distribute news letters written by hand. The first true newspaper in English was the 'London Gazette', published in 1666.

## Copper: The Popular Metal

The first metal to be widely used was Copper. Copper was used to make small objects as early as 6500 BC in Turkey. By 3000 BC copper was popular throughout the Middle East and the Mediterranean.

## Radio Communication

Though many inventers experimented with radio waves, it was Marconi who was granted the first radio patent in 1986. He sent and received his first radio signal in Italy in 1895. By 1899, he flashed the first wireless signal across the English Channel, and two years later, received the first letter 'S' , telegraphed from England to Newfoundland.

VISHNU 9C




*ടീം ലിറ്റിൽ കൈറ്റ്സ് അമൃതാബോയ്സ് എച്ച് എസ്സ് പറക്കോട്*